Registration No:											

26E211

Subject Code 06

MALAYALAM

Time : 3 Hours 00 Minutes] **[Total No. of Questions : 47]** **[Max. Marks : 80**

വിദ്യാർത്ഥികൾക്കുള്ള പൊതു നിർദേശങ്ങൾ

1. ഓരോ ചോദ്യവുമായി ബന്ധപ്പെട്ട നിർദേശങ്ങൾ വായിച്ചു മനസ്സിലാക്കി ഉത്തരം എഴുതുക.
2. ചോദ്യത്തിന്റെ ക്രമനമ്പർ ശരിയായി എഴുതുക.
3. **പാർട്ട് 'A'** യിൽ നിന്നുള്ള ചോദ്യങ്ങൾക്ക് ശരിയായ ഒരു ഉത്തരം മാത്രം തിരഞ്ഞെടുത്തെഴുതുക. ഒരേ ചോദ്യത്തിന് രണ്ട് ഉത്തരം എഴുതിയാൽ ആദ്യത്തേത് മാത്രമേ പരിഗണിക്കുകയുള്ളൂ.

പാർട്ട് – A

I. ശരിയായ ഒരു ഉത്തരം മാത്രം തിരഞ്ഞെടുത്തെഴുതുക. **(10 × 1 = 10)**

1. ഭീഷ്മകൻ വരനെ അന്വേഷിക്കുന്നത് ആർക്കു വേണ്ടിയാണ്?

   a) രുക്മി b) രുക്മിണി

   c) പാർവ്വതി d) സത്യഭാമ

2. മിന്നാമിനുങ്ങ് ആകാശത്തിൽ കാണപ്പെട്ടതെങ്ങനെ?

   a) പ്രഭാകണം b) നക്ഷത്രം

   c) ചന്ദ്രൻ d) സൂര്യൻ

3. മാധ്യമ പ്രഭുക്കൾ ഇന്ന് യുവനിരക്ക് വാർത്തകളിൽ എന്തിന് പ്രാധാന്യം കൊടുക്കണം എന്നാണ് നിർദേശിക്കുന്നത്?

   a) സത്യം b) നീതി

   c) വൈകാരികത d) കലകൾ

4. പാരീസിൽ പോയി ഡിഗ്രി എടുത്തവൻ എന്ന് വിശേഷിപ്പിക്കുന്നതാരെ?

a) കവി b) ബാർബർ

c) ഇഷ്ടൻ d) മക്കൾ

5. കവിതയിൽ സ്റ്റെനോഗ്രാഫർ ആരാണ്?

a) ദുഷ്യന്തൻ b) കണ്വൻ

c) ശകുന്തള d) മാലിനി

6. താമസിച്ചു വന്നതിന് ഷീനയെ വഴക്ക് പറഞ്ഞതാര്?

a) കാവൽക്കാരൻ b) ഫോട്ടോഗ്രാഫർ

c) അമ്മ d) അഭിലാഷ്

7. 'ബഷീർ ഏകാന്ത വീഥിയിലെ അവധൂതൻ' ആരുടെ രചനയാണ്?

a) എം.കെ. സാനു b) ഇ.വി. കൃഷ്ണ പിള്ള

c) ഇയ്യങ്കോട് ശ്രീധരൻ d) ജി. ഭാർഗ്ഗവൻ പിള്ള

8. രംഗിയോട് ക്രൂരമായി പെരുമാറിയതാരാണ്?

a) ഗുമസ്തൻ b) പട്ടാളു

c) പോലീസ് d) കഥാകൃത്ത്

9. 'ആതിഥേയൻ' എന്ന പാഠഭാഗം ഏത് പുസ്തകത്തിൽ നിന്ന് എടുത്തിട്ടുള്ളതാണ്?

a) ബി.എ. മായാവി b) മായാമനുഷ്യൻ

c) ജീവിതസ്മരണകൾ d) ചിരിയും ചിന്തയും

10. അമ്മയെ അന്വേഷിച്ച് വരുന്നതാര്?

a) കാളി b) ദാരികൻ

c) കൂളി d) ദാനവേന്ദ്രൻ

II. വിട്ടുപോയ ഭാഗം ശരിയായി പൂരിപ്പിക്കുക. **(5 × 1 = 5)**

(ശിശുപാലൻ, എം.മുകുന്ദൻ, ഗൃഹാതുരത്വം, രുക്മി, വള്ളത്തിൽ, ഭാര്യ)

11. 'കുറ്റം കൂടാതുള്ള മനുഷ്യർ ഭൂമിയിൽ കുറയും' എന്ന് _____ പറഞ്ഞു.

12. 'ഫോട്ടോ' എന്ന കഥ എഴുതിയത് _____ ആണ്.

13. പദ്മരാജുവിന്റെ കഥയാണ് _____.

14. ഭട്ടതിരി _____ അപേക്ഷ കേട്ട് ഭരണി തുറന്നു.

15. 'അമേരിക്കയിലെ മലയാളികൾക്ക് ഒരു കത്ത്' എന്ന കവിതയിലെ വിഷയം _____ ആണ്.

III. ചേരും പടി ചേർക്കുക. **(5 × 1 = 5)**

16. നഗരത്തിൽ – ഡോ.എം.പി. പരമേശ്വരൻ

17. പക്ഷിക്കുടുമ – കടമ്മനിട്ട

18. വരഗുണം – ഡോ.എം.ആർ. വാസുദേവൻ നമ്പൂതിരി

19. ആയുർവേദം – കുഞ്ചൻ നമ്പ്യാർ

20. പുതിയ നൂറ്റാണ്ട് പുതിയ ജീവിതം – അക്കിത്തം

പാർട്ട് – B

IV. രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരം എഴുതുക (**മൂന്നെണ്ണത്തിന്**) **(3 × 2 = 6)**

21. ഭീഷ്മകൻ, പുരുഷന്മാരുടെ കുറവുകളായി കാണുന്നത് എന്തൊക്കെയാണ്?

22. മിന്നാമിനുങ്ങിന്റെ ഉടപ്പിറപ്പായി കവി കാണുന്നത് എന്തിനെ?

23. നാട്ടിലേക്ക് വരാൻ തീരുമാനിച്ചപ്പോൾ ബഷീറിന്റെ മനസ്സിൽ ഉണർന്ന ആശങ്കകൾ എന്തെല്ലാമാണ്?

24. 'ബോയ്ക്കോട്ട് പ്രസ്ഥാനം' കൂടുതൽ ശക്തിപ്പെടുന്നതെപ്പോൾ?

25. കൂളി, കളികൾ അവതരിപ്പിച്ചതെങ്ങനെ?

V. ഒരു ഖണ്ഡികയിൽ ഉത്തരം എഴുതുക. (**രണ്ടെണ്ണത്തിന്**) **(2 × 4 = 8)**

26. പക്ഷിക്കുടുമ വെച്ചത് ഒരു ശിക്ഷയായി കവി കണക്കാക്കാൻ കാരണമെന്ത്?

27. ബലരാമൻ കാളിന്ദിയോട് ആവശ്യപ്പെട്ടതെന്ത്?

28. കോടൻ ഭരണിയിലെ ഉപ്പുമാങ്ങയുടെ രുചി വ്യക്തമാക്കുന്ന കഥയെന്ത്?

29. അതിഥിക്ക് സ്വയാശ്രയ ശക്തി ആവശ്യമായി വരുന്നതെപ്പോൾ?

VI. സന്ദർഭവും ആശയവും വ്യക്തമാക്കി ഉത്തരം എഴുതുക (**രണ്ടെണ്ണത്തിന്**)
(2 × 4 = 8)

30. ക്രൂരമായി കൊലചെയ്യപ്പെട്ട പല കഥാപാത്രങ്ങളും ഇന്ന് ഇവിടെ അലഞ്ഞു തിരിയുന്നു ഓർമ്മകളിലും കഥകളിലും.

31. "രണ്ട് കുട്ട ശർക്കരയും മൂന്ന് ചാക്ക് പുളിയും ഇതാണ് ഇവരെ വള്ളത്തിൽ കയറ്റണ്ട എന്ന് ഞാൻ പറഞ്ഞത്. ഇനി ഈ നഷ്ടം ഞാൻ നികത്തണം."

32. 'മനസ്സിനും ശരീരത്തിനും ഒരു പോലെ ശാന്തിയും സൗഖ്യവും പ്രദാനം ചെയ്യുന്ന ഈ ശേഷിപ്പുകൾ നമുക്ക് സംരക്ഷിക്കാം.'

33. "എഴുന്നേറ്റ് പോടാ ഒരു കളിക്കാരൻ വന്നിരിക്കുന്നു! മേലാൽ ഈ സ്ഥലത്ത് കണ്ടുപോകരുത്. കണ്ടാൽ നിന്റെ തല ഞാൻ വെട്ടും"

VII. നൂറു വാക്കിൽ കവിയാതെ ഉത്തരം എഴുതുക (**ഒരെണ്ണത്തിന്**) **(1 × 4 = 4)**

34. അരക്ഷിത ബാല്യത്തിന്റെ അവസ്ഥ സൂക്ഷ്മമായി അവതരിപ്പിച്ചിരിക്കുന്ന കഥയാണോ 'ഫോട്ടോ' എന്ന് വിശകലനം ചെയ്യുക.

35. ഭീഷ്മകന്റെയും മകന്റെയും സംഭാഷണത്തിലെ ഹാസ്യകല്പനകളുടെ സ്വാഭാവികത വിവരിക്കുക.

36. കലയെപ്പറ്റിയുള്ള ലേഖകന്റെ നിഗമനങ്ങൾ ചുരുക്കി എഴുതുക.

പാർട്ട് – C

VIII. 37. പരാവർത്തനം ചെയ്യുക (**ഒരെണ്ണത്തിന്**) **(1 × 4 = 4)**

a) ചരിത്രം തേരോടിച്ചു പോയ സംസ്കാരത്തിന്റെ
ചതഞ്ഞ മുഖങ്ങളിൽ പതിഞ്ഞ നിരാശത
ചിതറിക്കിടക്കുന്ന ചിന്തവൃത്തികളെങ്ങും
പതറിപ്പകച്ചു ഞാൻ നിന്നുപോയരക്ഷണം

b) മിനുങ്ങി നീ ചെന്നിടു മാറണയ്ക്കുവാൻ
കനിഞ്ഞതാ കൈത്തളിരാർന്ന ഭൂരുഹം
അനങ്ങിടാതങ്ങനെ നിൽപിതാർക്കുമേ
മനം കൊതിയ്ക്കും മൃദുവെത്തൊടാനെടോ!

38. ആശയം വിശദമാക്കുക **(1 × 4 = 4)**

'ചൊട്ടയിലേ ശീലം ചുടല വരെ'

39. പദം പിരിച്ച് സന്ധി നിർണ്ണയിക്കുക (**രണ്ടെണ്ണത്തിന്**) **(2 × 2 = 4)**

a) മനുഷ്യർക്കുള്ള

b) അപ്രത്യക്ഷമായി

c) രാജ്യത്തെപ്പറ്റി

40. വിഗ്രഹിച്ച് സമാസം നിർണ്ണയിക്കുക (**രണ്ടെണ്ണത്തിന്**). **(2 × 2 = 4)**

a) സ്വർഗ്ഗനരകം

b) പഞ്ചഭൂതം

c) വിശ്വസൗന്ദര്യം

41. വിപരീത പദം എഴുതുക (**രണ്ടെണ്ണത്തിന്**) **(2 × 1 = 2)**

a) പകൽ

b) ധനിക

c) ദൃശ്യം

06

42. പര്യായ പദം എഴുതുക (**രണ്ടെണ്ണത്തിന്**) **(2 × 1 = 2)**

a) ഭൂമി

b) കാറ്റ്

c) രാജാവ്

43. അലങ്കാരം നിർണ്ണയിക്കുക **(1 × 2 = 2)**

രാമനോ മംഗള ദേവത തൻ കളി
ത്താമര പൊന്മുടി പോലെ ചൂടി

44. വൃത്തം നിർണ്ണയിക്കുക (**ഒരെണ്ണത്തിന്**) **(1 × 2 = 2)**

a) ദ്വാരക തന്നിൽ നിന്നെത്തിയ രാമനോ
ടേറിയ ദുഃഖം കഥിച്ചു ഗോപർ

b) ആഴിക്കുമപ്പുറത്തൈശ്വര്യ ലക്ഷ്മി തൻ
ആകാശ ചുംബികൾ മിന്നുമാ ഭൂമിയിൽ

45. വാക്യത്തിൽ പ്രയോഗിക്കുക (**രണ്ടെണ്ണത്തിന്**) **(2 × 1 = 2)**

a) ശുഭപ്രതീക്ഷ

b) അപമാനിതരാവുക

c) നിസ്സഹായം

46. നിവേദനം തയ്യാറാക്കുക. **(1 × 4 = 4)**

വിഷയം - പഞ്ചായത്തിലെ മാലിന്യ പ്രശ്നം

47. മലയാളത്തിലേക്ക് അർത്ഥം ചോരാതെ പരിഭാഷപ്പെടുത്തുക. **(1 × 4 = 4)**

Life is a journey filled with surprises and challenges. It's a blend of joy, sadness and everything in between. We learn from our experiences, shaping who we are. Family and friends provide support and companionship along the way. Dreams fuel our aspirations, pushing us to achieve our goals. Despite setbacks, we preserve, finding strength in adversity. Moments of laughter and love brighten our days, making life beautiful. In the end, it's the memories we create and the relationships we cherish that define our journey through life.

———————

06